# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 8 26.02.2018 ൽ മറുപടിക്ക്

### ഇതരസംസ്ഥാന തൊഴിലാളികളെ നിരീക്ഷിക്കാൻ പൊലീസ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ.ജോർജ് എം. തോമസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ അനിവാര്യ ഭാഗമായിത്തീർന്ന ഇതരസംസ്ഥാന തൊഴിലാളികൾ വർദ്ധിച്ച തോതിൽ ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്നത് ആശങ്കയുയർത്തുന്നതിനാൽ ഇവരെ കൂടുതൽ അടുത്ത് നിരീക്ഷിക്കാൻ പൊലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) ഇതരസംസ്ഥാനങ്ങളിൽ നിന്നും അതിഥി തൊഴിലാളികളായി എത്തുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി ഡേറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുവാൻ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പേര്, വിലാസം, ഫോട്ടോ, തിരിച്ചറിയൽ കാർഡിന്റെ കോപ്പി എന്നിവ ഉൾപ്പെടെ ബയോ ഡാറ്റയും വിരലടയാളവും ശേഖരിച്ച് അതാത് സ്റ്റേഷനിലെ 'മൈഗ്രന്റ് ലേബർ രജിസ്റ്ററിൽ' സൂക്ഷിച്ചു വരുന്നു.<br><br>ഇവർ സംസ്ഥാനത്തെ പോലീസ് സ്റ്റേഷൻ അതിർത്തികളിൽ ജോലിക്കായി എത്തുമ്പോഴും, തിരികെ പോകുമ്പോഴും ആ വിവരം അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കുന്നതിലേയ്ക്കായി അവർ ജോലി ചെയ്തു വരുന്ന സ്ഥാപനത്തിന്റെ ഉടമകൾക്കും മറ്റ് തൊഴിൽ ദാതാക്കൾക്കും ആവശ്യമായ നിർദ്ദേശം നൽകിവരുന്നു.<br><br>അതിഥി തൊഴിലാളികളുടെ വിവര ശേഖരണത്തിനായി 'ഇ-രേഖ' എന്ന പേരിൽ കംപ്യൂട്ടർ അധിഷ്ഠിത മൊബൈൽ ആപ്ലിക്കേഷൻ നിലവിലുണ്ട്. അതിഥി തൊഴിലാളികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർക്കും, ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ നിന്നും ബീറ്റ് ഡ്യൂട്ടിക്കായി നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്കും പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | തിരിച്ചറിയൽ രേഖകളോ കൃത്യമായ മേൽവിലാസമോ ഒന്നും പരിശോധിക്കാതെ ഏജന്റുമാർ വഴി സംസ്ഥാനത്തേക്ക് വരുന്ന ഇവരുടെ രജിസ്ട്രേഷന് സർക്കാർ ഏർപ്പെടുത്തിയ സംവിധാനം ഫലപ്രദമായിട്ടുണ്ടോ; | (ബി) | മൈഗ്രൻറ് ലേബർ രജിസ്റ്റർ മുഖേനയും 'ഇ-രേഖ' പോലുള്ള കംപ്യൂട്ടർ മൊബൈൽ ആപ്ലിക്കേഷൻ വഴിയും ഇതരസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകൾ, ബയോഡാറ്റ എന്നിവ ശേഖരിച്ച് രേഖപ്പെടുത്തി വരുന്നു. എന്നാൽ ഇവർ ഒരു സ്ഥലത്ത് തന്നെ തുടരാത്തതും ഒന്നിലധികം തൊഴിൽ ദാതാക്കളുടെ കീഴിൽ ജോലിയെടുക്കുന്നതും, ആവശ്യമായ രേഖകൾ ഇല്ലാത്തതും ഇവരുടെ കൃത്യമായ വിവര ശേഖരണത്തിന് തടസ്സമാകുന്നു. എന്നാൽ തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന 'ആവാസ്' പദ്ധതിയുടെ ഭാഗമായി ഇത്തരം തൊഴിലാളികൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതിന് തിരിച്ചറിയൽ രേഖകൾ നിർബന്ധമായതിനാൽ ഈ സംവിധാനം ഫലപ്രദമായി നടപ്പിലാക്കി വരുന്നു. |
| (സി) | ലഹരി പദാർത്ഥങ്ങൾ കടത്തുന്നതിനായും തീവ്രവാദ സംഘടനകളുടെ ഒളിത്താവളമായും സംസ്ഥാനത്തെ തൊഴിലിടങ്ങളെ ഉപയോഗപ്പെടുത്തുന്നവരെ കണ്ടെത്താൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലും തൊഴിൽ മേഖലകളിലും പോലീസിന്റെ സാന്നിധ്യം നിരന്തരം ഉണ്ടാകുന്നതിനാൽ ലഹരി പദാർത്ഥങ്ങൾ കടത്തുന്നത് തടയുന്നതിനും, തീവ്രവാദികൾ തൊഴിലാളികൾക്കിടയിൽ കടന്നുകൂടുന്നത് ഒഴിവാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ ലഹരി പദാർത്ഥങ്ങളുടെ കടത്തും വിപണനവും തടയുന്നതിനായി ആവശ്യമാവുന്ന ഘട്ടത്തിൽ എക്സൈസ് വിഭാഗവുമായി സഹകരിച്ച് സംയുക്തമായി പരിശോധന നടത്തിവരുന്നു. കൂടാതെ റെയിൽവേ സ്റ്റേഷൻ, ബസ്സ് |

സ്റ്റാന്റുകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ബീച്ചുകൾ എന്നിവിട ങ്ങളിലും ഇവർ താമസിക്കുന്ന സ്ഥലങ്ങളിലും പോലീസും രഹസ്യാന്വേഷണ വിഭാഗവും, ഷാഡോ പോലീസും അത്തരക്കാരുടെ പ്രവർത്തനം നിരന്തരം നിരീക്ഷിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ